**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2269** **09-02-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതി വഴി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്കായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ലൈഫ് മിഷൻ പദ്ധതി മുഖേന ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക പൊതുവിഭാഗത്തിൽപ്പെട്ട അർഹരായ ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. ഭൂമിയുള്ള ഭവന രഹിതർക്ക് 4 ലക്ഷം രൂപ ഭവന നിർമ്മാണാനുകൂല്യം നൽകുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായമായി 6 ലക്ഷം രൂപ നൽകുന്നു. ഭൂരഹിത ഭവനരഹിതർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം/ വകുപ്പുകൾ ഭൂമി വാങ്ങുന്നതിന് ധനസഹായവും നൽകിവരുന്നുണ്ട്. ഇത്തരത്തിൽ ഭൂമി ലഭ്യമാകുന്നവർക്കും സ്വന്തമായി ഭൂമി ആർജ്ജിക്കുന്നവർക്കും ഭവന നിർമ്മാണത്തിന് ധനസഹായവും നൽകുന്നു. ഇതിനു പുറമെ ഭവന സമുച്ചയങ്ങളിലൂടെയും ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ ഇവർക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയെന്നും അതിലൂടെ എത്രപേർക്ക് വീട് ഉൾപ്പെടെ മറ്റാനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞു എന്നും ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ചുവടെച്ചേർക്കുന്നു.<br><br>**(1) ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കി.**<br><br>ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച 9,20,260 അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും ശേഷം ഗ്രാമസഭ/ വാർഡ് സഭകളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അംഗീകാരത്തോടും കൂടി പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു. ഇതിൽ യഥാക്രമം 67747, 46803 ഭവനരഹിത, ഭൂരഹിത |

ഭവനരഹിത പട്ടികജാതി കുടുംബങ്ങളും യഥാക്രമം 13236, 3499 ഭവനരഹിത, ഭൂരഹിത ഭവനരഹിത പട്ടികവർഗ കുടുംബങ്ങളും യഥാക്രമം 11033, 9855 ഭവനരഹിത, ഭൂരഹിത ഭവനരഹിത മത്സ്യ തൊഴിലാളി കുടുംബങ്ങളും ഉൾപ്പെടെ യഥാക്രമം 368507, 197201 ഭവനരഹിത, ഭൂരഹിത ഭവനരഹിത കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

**(2) ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകി തുടങ്ങി.**

സർക്കാരിന്റെ 15.11.22-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15.11.2022-ലെ സ.ഉ. (സാധാ) നം. 2807/ 2022/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താകൾക്ക് ധനസഹായം അനുവദിക്കുന്നതിനും കരാർ വയ്ക്കുന്നതിനുള്ള അനുമതിയും നൽകി. ടി ഉത്തരവ് പ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിൽ 8410പട്ടികജാതി കുടുംബങ്ങൾ 1631 പട്ടികവർഗ കുടുംബങ്ങൾ 822 മത്സ്യ തൊഴിലാളി കുടുംബങ്ങൾ 1173 അതിദരിദ്ര കുടുംബങ്ങൾ ഉൾപ്പെടെ 17353 ഗുണഭോക്താക്കൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുമായി കരാറി ലേർപ്പെട്ടിട്ടുണ്ട്.

**(3)മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിന് ലൈഫ് മിഷൻ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമായി ഇതുവരെ 23.49 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്/ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 12.32 ഏക്കർ ഭൂമി ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്തു നൽകി

**4) ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി**

| | | | |
|---|---|---|---|
| | | | ലൈഫ് മിഷൻ അനേർട്ടുമായി കൈകോർത്ത് കൊണ്ട് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി. സൗജന്യമായി സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിച്ച് വൈദ്യുതിയും അധിക വരുമാനവും ലഭ്യമാകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി. സംസ്ഥാന സർക്കാർ ഏജൻസിയായ അനെർട്ടിൻറെ ഹരിത ഊർജ്ജ വരുമാന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രതിദിനം ശരാശരി 8 യൂണിറ്റ് വരെ ഉത്പാദിപ്പിക്കാനുള്ള 2 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാൻറുകളാണ് ഓരോ വീടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാൻറിന് 1.35 ലക്ഷമാണ് ചെലവ് വരുന്നത്. ഇതിനു പുറമേ സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗവ് കൂടി ലഭ്യമാക്കുന്നുണ്ട്.<br><br>(5)**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി**<br><br>കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം 164 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഭൂമി കണ്ടെത്തിയ 54 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>(6) **ഭവ**നസമുച്ചയ നിർമ്മാണ പുരോഗതി<br><br>ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായുള്ള 29 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത കാലയളവിൽ 1,08,045 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വിവിധ ഘട്ടങ്ങളിലായുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| District | Sanctioned |
|---|---|
| Alappuzha | 6,036 |
| Ernakulam | 5,883 |
| Idukki | 5,566 |
| Kannur | 5,206 |
| Kasarkodu | 6,028 |
| Kollam | 10,533 |
| Kottayam | 5,488 |
| Kozhikodu | 6,629 |
| Malappuram | 16,565 |
| Palakkad | 14,063 |
| Pathanamthitta | 3,445 |
| Thiruvanathapuram | 9,857 |
| Thrissur | 5,652 |
| Wayanad | 7,094 |
| **TOTAL** | **1,08,045** |